നം. സിഇഇ/343/2010/എം.എസ്.സി.എൻ./റ്റി.എ.4

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

# ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2010-11

(G.O.(Ms)No.549/2010/H&FWD, dated 18.08.2010)

1. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് നഴ്സിംഗ് കോളേജുകളിലും സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കും താഴെപ്പറയുന്ന ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി.നഴ്സിംഗ് 2010-11) ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **<u>പ്രവേശനത്തിനുള്ള യോഗ്യതകൾ</u>**:

   (i) **<u>നേറ്റിവിറ്റി</u>**: അപേക്ഷകൻ കേരളത്തിൽ ജനിച്ച ഇൻഡ്യൻ പൗരനായിരിക്കണം.

   (ii) **<u>വിദ്യാഭ്യാസ യോഗ്യതകൾ</u>**: കേരളത്തിലെ സർവ്വകലാശാലകളിലൊന്നിൽ നിന്നും ലഭിച്ചതോ/ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എസ്.സി. നഴ്സിംഗ് ബിരുദം അഥവാ ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സ് പൂർത്തിയാക്കിയതിനു ശേഷമുള്ള പോസ്റ്റ് ബേസിക് നഴ്സിംഗ് (റഗുലർ) ബിരുദം. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നോ കല്പിത സർവ്വകലാശാലയിൽ നിന്നോ നഴ്സിംഗ് ബിരുദം നേടിയിട്ടുള്ളവർ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നുമുള്ള തുല്യതാ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

   (iii) **<u>സേവനപരിചയം</u>**: നഴ്സിംഗ് ബിരുദത്തിനും രജിസ്ട്രേഷനും ശേഷം, നഴ്സിംഗ് സ്കൂൾ/ കുറഞ്ഞത് 100 രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി/കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് പ്രോഗ്രാം എന്നിവയിലേതിലെങ്കിലും ഒരു വർഷത്തെ സേവനപരിചയം അല്ലെങ്കിൽ രജിസ്ട്രേഷനുശേഷം ഒരു വർഷത്തെ ഇന്റേൺമെന്റ് / നിർബന്ധിത സർക്കാർ സേവനം **30.09.2010** നു മുമ്പായി പൂർത്തിയാക്കിയിരിക്കണം.

   <u>കുറിപ്പ്</u>: (എ) ബി.എസ്.സി. നഴ്സിംഗ് ബിരുദത്തിനുശേഷം മറ്റു സംസ്ഥാനങ്ങളിലെ നഴ്സിംഗ് കൗൺസിലിൽ നിന്നും രജിസ്റ്റർ ചെയ്ത് കേരളത്തിനുപുറത്തുള്ള സ്ഥാപനങ്ങളിൽ ആർജ്ജിക്കുന്ന പ്രവൃത്തി പരിചയവും പരിഗണിക്കുന്നതാണ്.

   (ബി) പോസ്റ്റ് ബേസിക് നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കുന്നതിനാവശ്യമായ കാലയളവ് പ്രവൃത്തി പരിചയമായി പരിഗണിക്കില്ല.

   (സി) അപേക്ഷകർ കൗൺസിലിങ്ങിനു ഹാജരാകുമ്പോൾ കേരള നഴ്സിംഗ് ആന്റ് മിഡ് വൈഫറി കൗൺസിലിൽ നിന്നുമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

3. **<u>തെരഞ്ഞെടുപ്പ്</u>**: സർവ്വീസ് ക്വാട്ട സീറ്റുകൾ ഒഴികെയുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം, പ്രവേശന പരീക്ഷാ കമ്മീഷണർ **2010 ഒക്ടോബർ 3 (03.10.2010) ഞായറാഴ്ച** തിരുവനന്തപുരത്ത് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമായിരിക്കും. പ്രവേശന പരീക്ഷ **3** മണിക്കൂർ ദൈർഘ്യമുള്ളതും 200 ചോദ്യങ്ങളുള്ളതും ഒബ്ജക്ടീവ് മാതൃക യിലുള്ളതുമായിരിക്കും.

   ഒ.എം.ആർ. ഉത്തരക്കടലാസിനോടൊപ്പം ചോദ്യപേപ്പറും അപേക്ഷകർ തിരികെ നൽകേണ്ടതാണ്.

4. **<u>അപേക്ഷാ ഫാറം</u>**: ജനറൽ/സർവ്വീസ്/എസ്.ഇ.ബി.സി. വിഭാഗങ്ങൾക്കുള്ള പൊതുവായ അപേക്ഷാ ഫാറത്തിന്റെ മാതൃകയും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള പ്രത്യേകമായ അപേക്ഷാ ഫാറത്തിന്റെ മാതൃകയും പ്രോസ്പെക്ടസ്സും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **cee-kerala.org** എന്ന വെബ്സൈറ്റിൽ നിന്നും 21.08.2010 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാ ഫാറം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ആഫീസ്/മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്/ഹെൽത്ത് സർവ്വീസ് ഡയറക്ടറുടെ ആഫീസ് എന്നിവിടങ്ങളിലൊന്നും ലഭിക്കുന്നതല്ല.

5. **<u>അപേക്ഷാ ഫീസ്</u>**: **ജനറൽ** വിഭാഗം: **800/-** രൂപ; **എസ്.സി./എസ്.ടി.** വിഭാഗം: **400/-** രൂപ. ഡൗൺലോഡ് ചെയ്ത അപേക്ഷയോടൊപ്പം ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി.യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാഫീസ് അടച്ച് ഒറിജിനൽ ചെലാൻ സഹിതം സമർപ്പിക്കേണ്ടതാണ്.

   കേരളത്തിനുപുറത്തുള്ള കേരളീയരായ അപേക്ഷാർത്ഥികൾ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന നിർദ്ദിഷ്ട ഫീസ് ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.

   ജനറൽ മെറിറ്റ് സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുവാൻ താൽപര്യമുള്ള സർവ്വീസിലുള്ള അപേക്ഷകരും പ്രവേശന പരീക്ഷ എഴുതേണ്ടതാണ്. ഇവർ പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാഫാറം നിർദ്ദിഷ്ട ഫീസ് അടച്ച ഒറിജിനൽ ചെലാൻ സഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖാന്തിരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും, സർവ്വീസ് ക്വാട്ടയിൽ പരിഗണിക്കപ്പെടുന്നതിന് അപേക്ഷയുടെ പകർപ്പും സർവ്വീസ് സംബന്ധമായ രേഖകളും **0210-03-105-29** എന്ന ഹെഡ്ഡിൽ ട്രഷറിയിൽ അടച്ച ചെലാൻ രസീത് സഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവിക്കും സമർപ്പിക്കേണ്ടതുമാണ്.

   സർവ്വീസ് ക്വാട്ടയിലേക്ക് മാത്രം പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷ എഴുതേണ്ടതില്ല. എന്നാൽ ഇവർ അപേക്ഷയും, സർവ്വീസ് സംബന്ധമായ രേഖകളും, നിർദ്ദിഷ്ട ഫീസ് (ജനറൽ : 800 രൂപ, എസ്.സി./എസ്.ടി : 400 രൂപ) **0210-03-105-29** എന്ന ഹെഡ്ഡിൽ ട്രഷറിയിൽ അടച്ച ചെലാൻ രസീത് സഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് (ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ/ഡയറക്ടർ, ഹെൽത്ത് സർവ്വീസ്) **15.09.2010 വൈകുന്നേരം 5 മണിക്ക്** മുമ്പായി സമർപ്പിക്കേണ്ടതാണ്.

6. **<u>അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും</u>**: പൂരിപ്പിച്ച അപേക്ഷാ ഫാറവും അപേക്ഷായോടൊപ്പം സമർപ്പിക്കേണ്ട മറ്റുരേഖകളും **15.09.2010 (ബുധനാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പായി** നേരിട്ടോ, രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ "**പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001**" എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. 15.09.2010 (ബുധൻ) വൈകുന്നേരം 5 മണിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണറോ മറ്റുദ്യോഗസ്ഥരോ ഉത്തരവാദിയായിരിക്കുന്നതല്ല.

7. അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റാനുകൂല്യങ്ങളോ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

8. അപേക്ഷാ ഫോമിൽ നിശ്ചിത ഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാ ഫോമിൽതന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒരുകാരണവശാലും പരിഗണിക്കുന്നതല്ല.

9. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

10. പ്രവേശന പരീക്ഷയിൽ പങ്കെടുത്ത എല്ലാവരും ഉൾപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്.

11. സർവ്വീസ് ക്വാട്ട ഉൾപ്പെടെയുള്ള എല്ലാ സീറ്റുകളിലേക്കുമുള്ള തെരഞ്ഞെടുപ്പ്, അഡ്മിഷൻ, സീറ്റ് അലോട്ട്മെന്റ് എന്നിവ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

12. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് **cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അപേക്ഷാർത്ഥികൾ പരിശോധിക്കേണ്ടതാണ്.

തിരുവനന്തപുരം
20.08.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**